LIBRARY ARCHIVES Kerala Legislative Assembly

കള്ളമല വില്ലേജ് ഓഫീസർ നികുതി സ്വീകരിക്കാത്ത നടപടി

23 [3194] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽപ്പെട്ട അട്ടപ്പാടി കള്ളമല വില്ലേജിൽപ്പെട്ട ചോലക്കാട്ടെ 1500 ഓളം കുടുംബത്തിൽപ്പെട്ടവരിൽനിന്ന് കള്ളമല വില്ലേജ് ഓഫീസർ നികുതി സ്വീകരിക്കാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 1998 വരെ പ്രസ്തുത കുടുംബങ്ങൾക്ക് കള്ളമല വില്ലേജ് ഓഫീസിൽനിന്ന് കരമടച്ച രസീത് നൽകിയിരുന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീ-സർവ്വെ റിക്കാർഡ് പ്രകാരം പരാതിക്കാസ്പദമായ സ്ഥലം വനഭൂമിയെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ടാണ് നികുതി സ്വീകരിക്കാതിരിക്കുന്നത്.

(സി) റീ-സർവ്വേ രേഖ ലഭിച്ചതിന് ശേഷമാണ് പരാതിക്കാരുടെ സ്ഥലം വനഭൂമിയാണെന്ന് രേഖപ്പെടുത്തിക്കാണുന്നത്.

കൊമ്പനാട്, വെങ്ങോല വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം

24 [3195] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിലെ കൊമ്പനാട്, വെങ്ങോല വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഏതു നിമിഷവും തകർന്ന് വീഴാവുന്നത്ര ഗുരുതരമായ ജീർണ്ണാവസ്ഥയിൽ ആണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) കൊമ്പനാട്-വെങ്ങോല വില്ലേജോഫീസുകൾ എത്രയും വേഗം പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) കൊമ്പനാട് വില്ലേജ് ഓഫീസിന്റെ പുനരുദ്ധാരണത്തിന് വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മിതി കേന്ദ്രം മുഖേന വെങ്ങോല വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

ഹൗസിംഗ് ബോർഡിന്റെ ചക്കോരത്തുകുളം ഹൗസിംഗ് കോളനിയിലെ നിവാസികൾക്ക് ടൈറ്റിൽ ഡീഡ് നൽകാൻ നടപടി

25 [3196] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹൗസിംഗ് ബോർഡിന്റെ ചക്കോരത്തുകുളം ഹൗസിംഗ് കോളനി നിവാസികൾ ഇൻസ്റ്റാൾമെന്റ് തുക പൂർണ്ണമായും അടച്ചു കഴിഞ്ഞിട്ടും ബന്ധപ്പെട്ട രേഖകൾ നൽകുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്രപേർ തുക പൂർണ്ണമായും ഹൗസിംഗ് ബോർഡിൽ അടച്ചിട്ടുണ്ട്; എന്നാണ് അടച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) എഗ്രിമെന്റ് പ്രകാരം തുക പൂർണ്ണമായും അടച്ചുതീർത്ത ഹൗസിംഗ് കോളനി നിവാസികൾക്ക് ടൈറ്റിൽ ഡീഡ് നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ചക്കോരത്തുകുളം ഹൗസിംഗ് കോളനി നിവാസികളിൽ ഒരാളൊഴികെ മറ്റാരും ബോർഡിലേയ്ക്ക് കരാർ പ്രകാരമുള്ള അന്തിമ വില അടച്ചിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ നൽകിയിട്ടില്ല.

(ബി) കരാർ പ്രകാരമുള്ള താൽക്കാലിക വില മാസത്തവണകളായി ആകെയുള്ള 90 അലോട്ടികളും വിവിധ കാലങ്ങളിലായി 1992-നുള്ളിൽ ബോർഡിൽ അടച്ചു തീർത്തിട്ടുണ്ട്. എന്നാൽ കരാർ പ്രകാരം ബോർഡിന് ലഭിക്കേണ്ട അന്തിമ വില ഒരു അലോട്ടി മാത്രമേ പൂർണ്ണമായും അടച്ചിട്ടുള്ളൂ. 9-3-2004-ൽ ആണ് അടച്ചത്.

(സി) എഗ്രിമെന്റ് പ്രകാരമുള്ള തുക പൂർണ്ണമായും അടച്ചു തീർത്താൽ ടൈറ്റിൽ ഡീഡ് ഉടൻ ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly